(സി) സമാശ്വാസ നിധി പ്രകാരമുള്ള ആനുകൂല്യങ്ങൾക്കായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

അംഗസമാശ്വാസ നിധി പ്രകാരം ആനുകൂല്യങ്ങൾക്കായി നാളിതുവരെ ലഭിച്ച അപേക്ഷകളുടെയും ആയതിൽ ആനുകൂല്യം അനുവദിച്ച അപേക്ഷകളുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി* ചേർക്കുന്നു.

**മണലൂർ മണ്ഡലത്തിൽ കെയർ ഹോം പദ്ധതി**

229(3661) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ആകെ എത്ര വീടുകൾ നിർമ്മിച്ചുവെന്ന് അറിയിക്കാമോ?

38 വീടുകൾ

(ബി) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളാണ് ഇതിനായി ധനസഹായം നൽകിയത്; ഓരോ സ്ഥാപനവും എത്ര രൂപ വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

തുക സംഭാവന നൽകാൻ കഴിവുള്ള സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽനിന്നും തുക ചെക്കുകളായി സമാഹരിച്ച് സി.എം.ഡി.ആർ.എഫ്. അക്കൗണ്ടിലൂടെ മാറ്റിയെടുത്ത 52,68,69,506 രൂപയും, സഹകരണ വകുപ്പിന്റെ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും അനുവദിച്ച 35 കോടി രൂപയും ചേർത്ത് ആകെ 87,68,69,506 രൂപയിൽ നിന്നാണ് കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഭവന നിർമ്മാണം ഏറ്റെടുത്തത്. വീടുകളുടെ നിർമ്മാണ ചുമതല അതാത് സ്ഥലങ്ങളിലെ സംഘങ്ങളുടെ മേൽനോട്ടത്തിലാണ് പൂർത്തീകരിച്ചത്.

(സി) എത്ര വീടുകൾക്കാണ് അനുമതി നൽകിയതെന്നും അവയിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ?

അനുമതി നൽകിയ 38 വീടുകളും പൂർത്തീകരിച്ചു.

**സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

230(3662) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ പ്രവർത്തനം മികവുറ്റതാക്കി വിവിധ

LIBRARY ARCHIVES Kerala Legislative Assembly